**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6564** **11-11-2021 - ൽ മറുപടിയ്ക്ക്**

**കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിലുണ്ടായ പ്രകൃതിദുരന്തങ്ങളും ഒപ്പം ചക്രവാതച്ചുഴി മൂലമുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലുമുണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും 20/05/2021 മുതൽ 07/11/2021 വരെ AIMS Portal മുഖേനയുള്ള പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 265547 കർഷകരുടെ 112674.37 ഹെക്ടർ സ്ഥലത്തായി ആകെ 183091.18 ലക്ഷം രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കൃഷിനാശമുണ്ടായത് എത്ര ഹെക്ടർ സ്ഥലത്താണെന്നും പഴം, പച്ചക്കറി തുടങ്ങി എന്തെല്ലാം കാർഷികവിളകളാണ് ഇതിലുൾപ്പെട്ടിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | AIMSപോർട്ടലിലെ FIR റിപ്പോർട്ട് പ്രകാരം 265547 കർഷകരുടെ 112674.37 ഹെക്ടർ സ്ഥലത്ത് കൃഷി നാശമുണ്ടായതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിലുൾപ്പെട്ടിട്ടുള്ള കാർഷിക വിളകൾ ചുവടെ പറയുന്നവയാണ്. ഇഞ്ചി, മഞ്ഞൾ, റബ്ബർ (കറയെടുക്കുന്നത്), പുൽകൃഷി, തെങ്ങ് (ഒരു വർഷം വരെ പ്രായമായത്), ഗ്രാമ്പൂ (കായ്ക്കാത്തത്), കശുമാവ് (മൂന്ന് വർഷത്തിന് മുകളിൽ പ്രായമുള്ളത് കായ്ക്കാത്തത്), തെങ്ങ് (കായ്ക്കാത്തത് ഒരു വർഷത്തിന് മുകളിൽ പ്രായമുള്ളത്), റബ്ബർ (കറയെടുക്കാത്തത്), കൊക്കോ (ഫലമുള്ളത്) കാപ്പി, കുരുമുളക്, കമുക് (ഫലമില്ലാത്തത്), നെല്ല്, തെങ്ങ് (കായ്ക്കുന്നത്) ഗ്രാമ്പൂ (ഫലമുള്ളത്), ജാതി (ഫലമുള്ളത്), വെറ്റില, വാഴ (കുലക്കാത്തത്), ജാതി (ഫലമില്ലാത്തത്) ഏലം, കശുമാവ് (ഫലമുള്ളത്) പ്ലാവ്, കുരുമുളക് നഴ്സറി, മാവ്, വാഴ (കുലച്ചത്) കൈതച്ചക്ക, നെല്ല് നഴ്സറി (ഞാറ്റടി), മറ്റ് ഫലവൃക്ഷങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, തേയില, എള്ള്, പയറ് വർഗ്ഗങ്ങൾ, കുരുമുളക് (ഫലമുള്ളത്), മരച്ചീനി, പച്ചക്കറി (പന്തലുള്ളത്) കമുക് (ഫലമുള്ളത്) കരിമ്പ്, പച്ചക്കറി (പന്തലില്ലാത്തത്) |
| (സി) | പ്രസ്തുത ദുരന്തങ്ങൾക്കു വിധേയരായ കർഷകർക്കു നല്കിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്നും ആവശ്യപ്പെട്ടതും ലഭ്യമായതുമായ കേന്ദ്രസഹായം | (സി) | പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള |

| | | | |
|---|---|---|---|
| | എത്രയാണെന്നുള്ളതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | | അടിയന്തിര പരിപാടിയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും മുഖേന അർഹമായ നഷ്ടപരിഹാരം നൽകുന്നു. കൂടാതെ കൃഷിനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുമുള്ള നഷ്ടപരിഹാരവും ലഭ്യമാക്കുന്നു. 2021-22 വർഷത്തിൽ കേന്ദ്രസർക്കാർ വിഹിതമായ (SDRF) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയായ 489.31029 ലക്ഷം രൂപ കൃഷി നാശത്തിന് നഷ്ടപരിഹാരമായി ലഭിക്കുകയും ആയത് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പുതിയ അപേക്ഷകൾ പരിശോധിച്ച് കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. |
| (ഡി) | കാർഷിക മേഖലയിലെ കൃഷിനാശംവും കാർഷികവിഭവങ്ങൾക്കുണ്ടാകുന്ന വിലവർദ്ധനവും വിലയിരുത്തിയിട്ടുണ്ടോയെന്നും വിലവർദ്ധനവും അനധികൃത കച്ചവടവും ഇല്ലാതാക്കാൻ സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (ഡി) | കാർഷിക മേഖലയിൽ കൃഷിനാശം കാരണം കാർഷിക വിഭവങ്ങൾക്ക് വില വർധനവുണ്ടായിട്ടുണ്ടോ എന്ന് കൃഷി വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ഉറപ്പുവരുത്താനും ഇടനിലക്കാരെ ഒഴിവാക്കാനുമായി കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട വിപണനം നടത്തി വരുന്നു. സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചചന്തകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന നഗര വഴിയോര കാർഷിക വിപണികൾ പ്രവർത്തിച്ചു വരുന്നു. 10 ലക്ഷം മുതൽ 5 കോടി വരെ മൂലധനം നിക്ഷേപിച്ച് ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി. മുഖേന സബ്സിഡി അനുവദിക്കുന്നുണ്ട്. പ്രാഥമിക സഹകരണ സൊസൈറ്റികൾ മുഖേന കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ ഗുണ നിലവാരം കുറയാതെ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി ശീതികരിച്ച വാഹനങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിച്ചു വരുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങളും മൂല്യവർധിത ഉത്പന്നങ്ങളും |

| | | | |
|---|---|---|---|
| | | | വിറ്റഴിക്കുന്നതിനായി കണ്ടെയ്നർ മോഡൽ വില്പനശാലകൾ രണ്ടെണ്ണം വീതം എല്ലാ ജില്ലകളിലും ആരംഭിക്കുന്നതാണ്. കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFBയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ലയുടെ പേര്** | **കൃഷിഭൂമിയുടെ വിസ്തൃതി (ഹെക്ടർ)** | **കർഷകരുടെ എണ്ണം** | **നാശനഷ്ടത്തിന്റെ കണക്ക് (തുക ലക്ഷത്തിൽ)** |
|---|---|---|---|
| ആലപ്പുഴ | 20705.61 | 36507 | 13215.09 |
| എറണാകുളം | 5025.69 | 34006 | 7227.16 |
| ഇടുക്കി | 958.53 | 12978 | 4439.67 |
| കണ്ണൂർ | 3955.24 | 12983 | 3514.58 |
| കാസർഗോഡ് | 2543.47 | 10974 | 1039.15 |
| കൊല്ലം | 4791.19 | 17734 | 5998.07 |
| കോട്ടയം | 6414.51 | 17111 | 19761 |
| കോഴിക്കോട് | 1385.72 | 19155 | 4427.91 |
| മലപ്പുറം | 21657.34 | 15297 | 12762.87 |
| പാലക്കാട് | 6692.64 | 14604 | 77764.85 |
| പത്തനംതിട്ട | 6148.02 | 16368 | 3631.93 |
| തിരുവനന്തപുരം | 4971.97 | 17265 | 5224.80 |
| തൃശ്ശൂർ | 23971.83 | 33604 | 17710.67 |
| വയനാട് | 3452.61 | 6961 | 6373.43 |
| **ആകെ** | **112674.37** | **265547** | **183091.18** |